**Syro-Malabar Eparchy of St Thomas the Apostle, Melbourne**
6 Greenock Court, Greenvale,
Victoria 3059, Australia
Phone: +61 (03) 8313 3678
bishop.melbourne@syromalabar.org.au
www.syromalabar.org.au

Prot.No.MPL : 43/20/47

**സർക്കുലർ**

## 2020 വിശുദ്ധവാരം

പ്രിയ ബഹുമാന അച്ചന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നാളിതുവരെയുള്ള നമ്മുടെ അനുഭവങ്ങൾക്കും അനുമാനങ്ങൾക്കും അതീതമായൊരു ജീവിതാവസ്ഥയിലൂടെയാണ് കൊറോണവസന്തയുടെ ഈ കാലഘട്ടത്തിൽ നാം കടന്നുപോകുന്നത്. മനുഷ്യജീവന്റെ സംരക്ഷണത്തിനായി സർക്കാരിന്റെ നിരോധനാജ്ഞകൾ കൃത്യമായി പാലിക്കാൻ ഞാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. ലോകം മുഴുവൻ ഈ വ്യാധിയിൽ നിന്ന് എത്രയും വേഗം വിമുക്തമാകാൻ നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം.

ഈ പ്രത്യേക സാഹചര്യത്തിൽ, കുടുംബങ്ങളിൽ അടച്ചു പൂട്ടി കഴിയേണ്ടി വരുമ്പോൾ നമുക്കുണ്ടാകാവുന്ന സാമ്പത്തികവും സാമൂഹികവും മാനസികവും ആരോഗ്യപരവും ആത്മീയവുമായ സംഘർഷങ്ങളെ, ദൈവകൃപയിൽ ആശ്രയിച്ച്, സമചിത്തതയോടെ അതിജീവിക്കാൻ നാം ഇനിയും പഠിച്ചുകൊണ്ടിരിക്കുകയാണല്ലൊ.

നമ്മുടെ സമൂഹങ്ങളിൽ വിവിധതരത്തിൽ വിഷമിച്ചു കഴിയുന്നവരെ കണ്ടെത്തി സഹായിക്കാൻ സോഷ്യൽ സർവ്വീസ് ടീമിന് രൂപം നല്കാൻ ഞാൻ ബഹുമാനപ്പെട്ട അച്ചന്മാരോട് ആഹ്വാനം ചെയ്തിട്ടുണ്ട്. നല്ല മനസുള്ള എല്ലാവരും ഈ സംരംഭത്തിൽ പങ്കുചേർന്ന് കഷ്ടപ്പെടുന്ന സഹോദരങ്ങളെ സഹായിക്കാൻ മുന്നോട്ടു വരുമല്ലൊ.

താരതമ്യങ്ങളില്ലാത്ത ഈ പ്രതിസന്ധിയിൽ അർത്ഥവത്തായി എങ്ങനെ ജീവിക്കാമെന്നും ആസന്നമായ വിശുദ്ധവാരവും പെസഹാ ത്രിദിനങ്ങളും ഈ പരിമിതസാഹചര്യങ്ങളിൽ ഏറ്റവും ഫലദായകമായി എങ്ങനെ ആചരിക്കാമെന്നും ഉള്ളതിനെപറ്റി ഏതാനും സൂചനകളും നിർദ്ദേശങ്ങളും നിങ്ങളെ അറിയിക്കാനാണ് നിങ്ങളുടെ ആത്മീയ പിതാവായ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നത്.

നമ്മുടെ അവസ്ഥയെ കൊടുങ്കാറ്റിൽ അകപ്പെട്ട ശിഷ്യന്മാരുടെ വഞ്ചിയാത്രയോടാണ് (മർക്കോസ് 4: 35–40) ഫ്രാൻസീസ് മാർപ്പാപ്പ കൊറോണ വസന്തയിൽ പെട്ട നമ്മുടെ ഇന്നത്തെ ജീവിതത്തെ ഉപമിക്കുന്നത്. തികച്ചും അപ്രതീക്ഷിതമായൊരത്യാഹിതം! ശിഷ്യന്മാരെപോലെ എത്ര ദുർബലരും വ്രണിതരുമാണെന്ന് നമ്മളും എന്ന് നാം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ''ഞങ്ങൾ നശിക്കാൻ പോകുന്നു'', എന്ന നിലവിളിയോടെ ലോകം മുഴുവനും ഉഴലുകയാണ്. ഒത്തൊരുമിച്ചാലേ അതിജീവിക്കാനാവൂ; ഒറ്റക്കാർക്കും രക്ഷപ്പെടാനാവില്ലെന്ന് നമ്മൾ മനസിലാക്കികൊണ്ടിരിക്കയാണ്. ഈശോ കൂടെ ഉണ്ടായിരുന്നിട്ടും, ധൈര്യം ചോർന്നു പോയ ശിഷ്യന്മാർ ചോദിച്ചു: ''നീ ഇത് ഗൗനിക്കുന്നില്ലേ?'' ഞങ്ങളുടെ കാര്യത്തിൽ നിനക്ക് യാതൊരു ശ്രദ്ധയുമില്ലല്ലൊ! നമ്മുടെ കുടുംബങ്ങളിൽ ചിലപ്പോളൊക്കെ കേൾക്കാറുള്ള ആരോപണം തന്നെ. ''അല്ലെങ്കിലും, എന്റെ കാര്യത്തിൽ നിനക്ക്/നിങ്ങൾക്ക് യാതൊരു ശ്രദ്ധയുമില്ല!''

നമ്മുടെയും മക്കളുടെയും ജീവിതം കൂടുതൽ ശോഭനമാക്കാൻ നാമൊരുക്കിയ പദ്ധതികളും പരിപാടികളും പാടേ പാളിപോകുന്ന അവസ്ഥ! എല്ലാം നമ്മുടെ പൂർണ്ണ നിയന്ത്രണത്തിലെന്ന ഭാവത്തിൽ ചങ്കൂറ്റത്തോടെ നാം മുന്നോട്ടു കുതിക്കുമ്പോളാണ്, തികച്ചും നിസാരനും അദൃശ്യനും അജ്ഞാതനുമായ ഈ രോഗാണുവിന്റെ കടന്നാക്രമണം. അതിന്റെ ഭീതിയിൽ കഴിയുന്ന നമ്മളോട്: ''നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക്

വിശ്വാസമില്ലേ?'' എന്നു കർത്താവ് ചോദിക്കുന്നു. നമ്മുടെ ജീവിതനൗകയിൽ നമ്മോടൊപ്പം യാത്ര ചെയ്യുന്ന കർത്താവിനെ തിരിച്ചറിയാനും വിളിച്ചുണർത്താനും നമുക്കു സാധിക്കട്ടെ.

ഈ പ്രതിസന്ധിയുടെ പ്രതികൂല സാഹചര്യങ്ങളിൽ പൊതുനന്മക്കു വേണ്ടിയും ആതുരശുശ്രൂഷാരംഗത്തും, സ്വയം മറന്ന്, സേവനത്തിലേർപ്പെട്ടിരിക്കുന്ന നേഴ്സുമാർ, ഡോക്ടർമാർ, സൂപ്പർമാർക്കറ്റ് ജോലിക്കാർ, ട്രാൻസ്പോർട്ട് ജീവനക്കാർ, സന്നദ്ധസേവകർ, എന്നീ വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവപരിപാലനക്കായി സമർപ്പിക്കാം. അവർക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കാം.

കൊറോണ ബാധക്കടിപ്പെട്ട് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടവരെയും, അവരുടെ പ്രിയപ്പെട്ടവരെയും, രോഗാവസ്ഥയിൽ വിഷമിക്കുന്നവരെയും, അതിന്റെ ഭീതിയിൽ കഴിയുന്നവരെയും പ്രാർത്ഥനയിൽ ഓർക്കാം.

പുറത്തിറങ്ങാൻ പറ്റാത്തതുകൊണ്ട് സ്വന്തം കുടുംബങ്ങളിൽ നാം ഒതുങ്ങി കഴിയേണ്ടി വന്നിരിക്കയാണല്ലൊ. നമ്മുടെ കുടുംബജീവിതത്തിന്റെ ധന്യത തിരിച്ചറിയാനും പരിപോഷിപ്പിക്കാനും ദൈവം ഒരുക്കിയ അവസരമായി ഇതിനെ നമുക്ക് സ്വീകരിക്കാം. ഭാര്യാഭർത്താക്കന്മാർ തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും, സഹോദരങ്ങൾ തമ്മിലുമുള്ള ആത്മബന്ധം ആഴമായി ഊട്ടിയുറപ്പിക്കാനായി ഈ സമയം നമുക്ക് സാധിക്കട്ടെ.

''കുടുംബമേ, നീ എന്താണോ, അതായി തീരുക'' എന്ന വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ കുടുംബങ്ങളോടുള്ള പ്രവാചക ശബ്ദം നമ്മുടെ കാതുകളിലും ഹൃദയത്തിലും ഈ ദിവസങ്ങളിൽ അലയടിക്കട്ടെ. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ കണ്ണികൾ അകന്നു പോയിട്ടുണ്ടെങ്കിൽ, അവ കൂട്ടിയിണക്കാനുള്ള അവസരമാണിത്. സോഷ്യൽമീഡിയായിൽ നിന്ന് ആരോഗ്യപരമായ അകലം പാലിച്ചുകൊണ്ട് ലഭിക്കുന്ന ഏറ്റവും നല്ല സമയം കുടുംബാംഗങ്ങളുമായി ഉള്ളുതുറന്ന സംഭാഷണത്തിനായി നമുക്ക് വിനിയോഗിക്കാം. ഈ സമയം വീട്ടിലിരുന്നു അലസമായി പാഴാക്കാനുള്ളതല്ല. ആകുലപ്പെടാനും നിരാശപ്പെടാനും കുറ്റാരോപണങ്ങൾക്കുമുള്ള സമയമല്ലിത്. വീട്ടിൽ നിർബന്ധിതമായി ദീർഘനാൾ കഴിയേണ്ടി വരുമ്പോൾ അത് ഗാർഹികാക്രമണവാസന മനുഷ്യരിൽ കൂട്ടാൻ സാധ്യതയുണ്ടെന്ന സാമൂഹ്യമനശാസ്ത്രനിഗമനങ്ങളെ പ്രാർത്ഥനയിലും ദൈവകൃപയിലും ആശ്രയിച്ച് അതിജീവിക്കാൻ നമുക്കു സാധിക്കണം. ഫ്രാൻസീസ് മാർപ്പാപ്പ ഉപദേശിക്കുന്നതുപോലെ, പരസ്പര ആദരവോടെ, നന്ദിയോടെ, പരസ്പരം ക്ഷമിക്കുന്ന, ക്ഷമയാചിക്കുന്ന മനസോടെ കുടുംബാംഗങ്ങൾ പെരുമാറിയാൽ കുടുംബത്തിൽ സ്നേഹത്തിന്റെ സന്തോഷം അനുഭവിക്കാനും അതുവഴി കുടുംബജീവിതത്തെ സ്വർഗതുല്യമാക്കാനും സാധിക്കും.

പള്ളികളൊക്കെ അടച്ചിട്ടിരിക്കുന്ന സാഹചര്യത്തിൽ, കുടുംബങ്ങളിൽ നിന്നുകൊണ്ട് നാം ഓൺലൈനായി കുർബാനയിലും വിശുദ്ധവാര തിരുക്കർമ്മങ്ങളിലും പങ്കെടുക്കുകയാണല്ലൊ. അതുവഴി അക്ഷരാർത്ഥത്തിൽ ഗാർഹികസഭയുടെ ചൈതന്യം നാം അനുഭവിക്കുകയാണ്. മതപീഡനകാലങ്ങളിൽ ഇങ്ങനെയാണല്ലൊ വിശ്വാസികൾ തങ്ങളുടെ വിശ്വാസം ജീവിച്ചിരുന്നത്. ഈ സാഹചര്യത്തിൽ സാർവ്വത്രിക സഭയോട് ചേർന്ന് വിശ്വാസത്തിന്റെ ആത്മീയ കൂട്ടായ്മ അനുഭവിക്കാൻ നമുക്കും ശ്രമിക്കാം.

നസറത്തിലെ തിരുക്കുടുംബത്തിൽ മാതാവിനോടും യൗസേപിതാവിനോടുമൊപ്പം ജീവിച്ച ''ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു''(ലൂക്കാ 2:52). ഇങ്ങനെയൊരനുഭവത്തിൽ മക്കൾ വളരാൻ മാതാപിതാക്കൾ കുടുംബത്തിൽ കളമൊരുക്കണം. മുടങ്ങാതുള്ള കുടുംബപ്രാർത്ഥനയാണ് ഇതിന് സഹായിക്കുന്ന പ്രധാനഘടകം. പ്രാർത്ഥിക്കുന്ന ഈശോയെ കണ്ട ശിഷ്യന്മാർ പ്രാർത്ഥിക്കാൻ തങ്ങളെയും പഠിക്കണമെന്ന് അഭ്യർത്ഥിച്ചതുപോലെ, മാതാപിതാക്കളുടെ പ്രാർത്ഥനാധിഷ്ഠിതമായ വിശ്വാസജീവിതമാണ് മക്കളെ ദൈവാനുഭവത്തിലേക്ക് നയിക്കുക. മക്കളുടെ വിശ്വാസപരിശീലനത്തിന്റെ പ്രഥമചുമതലക്കാർ മാതാപിതാക്കളാണെന്ന സത്യം നാം മറക്കരുത്. മതബോധനക്ലാസുകൾ നടത്താൻ പറ്റാത്ത ഈ സാഹചര്യത്തിൽ ഇക്കാര്യം കൂടുതൽ പ്രസക്തമാണ്. അപ്പനും അമ്മയും മക്കളും ഒന്നിച്ചിരുന്ന് ദൈവവചനം വായിക്കാനും ധ്യാനിക്കാനും പ്രാർത്ഥിക്കാനും ചർച്ച ചെയ്യാനും സാധിക്കുമ്പോൾ വിശ്വാസത്തിൽ വളരാനും പരസ്പരം വളർത്താനും കുടുംബാംഗങ്ങൾക്ക് സാധിക്കും.

അപ്പോൾ നമ്മുടെ കുടുംബങ്ങൾ യഥാർത്ഥ ''സുവിശേഷപഠനകളരികളാകും''. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു വളരും.

ഈ ദിവസങ്ങളിൽ വീട്ടുജോലികൾ ഒരുമിച്ച് കൂട്ടുത്തരവാദിത്തത്തോടെ ചെയ്യാനും ഒരുമിച്ചുല്ലസിക്കാനും നാം ശ്രമിക്കുമ്പോൾ ആശങ്കനിറഞ്ഞ ഈ കാലഘട്ടത്തെ ആശ്വാസം പകരുന്ന അനുഭവമാക്കി മാറ്റാൻ നമുക്കു സാധിക്കും.

ആസന്നമായ വിശുദ്ധവാര തിരുക്കർമ്മങ്ങളിൽ ആത്മാർത്ഥമായി പങ്കെടുത്തുകൊണ്ട് വിശുദ്ധിയിൽ കൂടുതൽ വളരാൻ നമുക്ക് ശ്രമിക്കാം. നമ്മെ രക്ഷിക്കുന്ന കർത്താവിന്റെ കുരിശാണ് നമ്മുടെ നങ്കൂരം. നമുക്കു പുതുജീവൻ നല്കുന്ന അവന്റെ കുരിശാണ് നമ്മുടെ ചുക്കാൻ. നമ്മെ സൗഖ്യപ്പെടുത്തുന്ന അവന്റെ കുരിശാണ് നമ്മുടെ പ്രതീക്ഷ. നാമനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ മുറിവിൽ ഈശോയുടെ സ്നേഹത്തിന്റെ തൈലം സ്വാന്തനമേകട്ടെ. ''നമ്മുടെ ഉത്ക്കണ്ഠകളെല്ലാം കർത്താവിനെ ഭരമേല്പ്പിക്കാം, അവൻ നമ്മുടെ കാര്യങ്ങളിൽ ശ്രദ്ധാലുവാണ്'' (1 പത്രോസ് 5:6).

**വിശുദ്ധവാരാചരണത്തെപ്പറ്റി:**

നോമ്പിലെ ആറാം വെള്ളി മുതൽ നാം വിശുദ്ധവാരത്തിന്റെ ചൈതന്യത്തിലേക്ക് പ്രവേശിക്കുകയാണ്. ''വഴിയും സത്യവും ജീവനുമായ'' ഈശോ തന്റെ സ്നേഹിതനായ ലാസറിനെ ഉയിർപ്പിക്കുന്ന സുവിശേഷഭാഗമാണ് നാമിന്നു വായിക്കുന്നത്.

ആറാം ശനിയാകട്ടെ യോഹന്നാന്റെ സുവിശേഷത്തിൽ (12:1–8) മറിയം വെൺകൽ ഭരണിയിലെ വിലയേറിയ സുഗന്ധതൈലം കൊണ്ട് ഈശോയുടെ പാദങ്ങൾ പൂശുന്നതും യൂദാസ് 'എന്തുകൊണ്ട് ഈ പാഴ്ചെലവ്' എന്നു പ്രതികരിക്കുന്നതും നാം വായിക്കുന്നു. തുടർന്ന് സുവിശേഷകൻ പറയുന്നു: ''അവൻ ഇതു പറഞ്ഞത് അവന് ദരിദ്രരോട് പരിഗണന ഉണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചിയിൽ നിന്നവൻ മോഷ്ടിച്ചിരുന്നതുകൊണ്ടുമാണ്. ഇവിടെ നാം കാണുന്നത് രണ്ടു വ്യക്തികളെയാണ് – മറിയവും യൂദാസും. ഇവർക്ക് ഈശോയോടുള്ള മനോഭാവമോ? ഒന്ന് ഔദാര്യത്തിന്റേത് മറ്റേത് സ്വാർത്ഥതയുടെ.

ഇന്നേദിവസം കേരള സുറിയാനിക്രിസ്താനികളുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി ഉണ്ടാക്കുന്ന പലഹാരമാണ് കൊഴുക്കട്ടയും പീച്ചാംപിടിയും. കൊഴുക്കട്ട മറിയം കൊണ്ടു വന്ന സുഗന്ധതൈലം നിറഞ്ഞ വെൺകൽഭരണിയുടെയും പീച്ചാംപിടി യൂദാസിന്റെ പണസഞ്ചിയുടെയും പ്രതീകമാണ്. നമ്മുടെ പൂർവ്വികർ എത്ര മനോഹരമായി പലഹാരം പോലും ദിവസത്തിന്റെ സുവിശേഷവുമായി ബന്ധപ്പെടുത്തി ഉണ്ടാക്കിയിരുന്നുവെന്ന് സഭാചരിത്രപണ്ഡിതനായ പൊടിപാറ ബഹുമാന പ്ലാസിഡച്ചൻ പറഞ്ഞത് ഞാൻ നേരിട്ട് കേട്ടിട്ടുള്ളതാണ്. ഇക്കൊല്ലം ഓശാന ശനിയാഴ്ച ഈ പലഹാരം നമ്മുടെ വീടുകളിൽ ഉണ്ടാക്കി സുവിശേഷ സന്ദേശം മക്കൾക്ക് മനസിലാക്കി കൊടുക്കുന്നത് വളരെ നന്നായിരിക്കും.

**ഓശാനഞായർ:** വിശുദ്ധവാര തിരുക്കർമ്മങ്ങൾ രൂപതാധ്യക്ഷൻ കത്തീഡ്രൽ ദേവാലയത്തിലാണ് അർപ്പിക്കേണ്ടത്. നമുക്കിനിയും കത്തീഡ്രൽ ദേവാലയം ആയിട്ടില്ലാത്തതിനാൽ രൂപതാ ആസ്ഥാനത്തെ സ്വകാര്യകപ്പേളയിൽ നിന്നാണ് എല്ലാ ദിവസങ്ങളിലും മെൽബൺ സമയം കാലത്ത് 10 മണിക്കും വൈകീട്ട് 5 മണിക്കും തിരുക്കർമ്മങ്ങൾ ഓൺലൈനായി പ്രക്ഷേപണം ചെയ്യുന്നത്. കുരുത്തോല വെഞ്ചിരിപ്പു കർമ്മത്തോടു കൂടി കാലത്തു 10 മണിക്ക് വിശുദ്ധവാരതിരുക്കർമ്മങ്ങൾ ഔദ്യോഗികമായി ആരംഭിക്കും. തത്സമയം വീടുകളിൽ നിന്നു കൊണ്ട് എല്ലാവരും വെഞ്ചിരിപ്പിനായുള്ള കുരുത്തോലയോ ഒലിവിൻ ശാഖയോ മറ്റേതെങ്കിലും ചെടിയുടെ ശാഖയോ കയ്യിൽ പിടിച്ചായിരിക്കണം തിരുക്കർമ്മത്തിൽ പങ്കെടുക്കുന്നത്. ശാരീരികമായി അകലെയാണെങ്കിലും അരൂപിയിൽ നാമെല്ലാവരും, കാർമ്മികനും വിശ്വാസസമൂഹവും, മിശിഹായിൽ ഒരു ശരീരമാണെന്ന ചൈതന്യം നമുക്ക് കാത്തുസൂക്ഷിക്കാം. നമുക്കും ജറുസലേം നിവാസികളോടൊപ്പം ദാവീദിന്റെ പുത്രന് ഓശാന പാടാം.

ഓശാന ഞായർ വൈകീട്ട് 5 മണിക്ക് കുർബാന ഉണ്ടായിരിക്കുന്നതാണ്; അതുപോലെ വിശുദ്ധവാരത്തിലെ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലും കാലത്ത് 10 മണിക്കും വൈകീട്ട് 5 മണിക്കും.

**പെസഹാവ്യാഴം:** നമ്മുടെ കർത്താവിന്റെ പെസഹാത്രിദിനങ്ങൾ പെസഹാവ്യാഴത്തോടെയാണല്ലോ ആരംഭിക്കുന്നത്. വിശുദ്ധകുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനദിനമായ ഇന്നേ ദിവസം കാലത്ത് 10 മണിക്ക് ദിവസത്തിന്റെ പ്രത്യേക ശുശ്രൂഷകൾ (കാൽ കഴുകൽ ഒഴികെ) ഉണ്ടായിരിക്കുന്നതാണ്. വൈകീട്ട് 5 മണിക്ക്, ഗെദ്സെമിൻ തോട്ടത്തിൽ ‘‘നിങ്ങൾ എന്നോടൊത്ത് ഉണർന്നിരുന്ന പ്രാർത്ഥിക്കുവിൻ’’ എന്ന് ശിഷ്യന്മാരോട് ആവശ്യപ്പെട്ട ഈശോയോടൊപ്പം ‘‘തിരുമണിക്കൂർ’’.

സന്ധ്യാസമയത്ത് വീടുകളിൽ പെസഹാ അപ്പം മുറിക്കൽ. അതിമനോഹരമായ ഈ പതിവ് ഇക്കൊല്ലം ഗാർഹികസഭയായ നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ അർത്ഥവത്തായി പ്രാർത്ഥനാപൂർവ്വം അനുഷ്ഠിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലൊ. (അതിനുള്ള പ്രാർത്ഥനകൾ ഇന്റർനെറ്റിൽ ലഭ്യമാണ്). കുരിശടയാളം കൊണ്ട് മുദ്രിതമായ അപ്പം മുറിച്ച് കുടുംബനാഥൻ (അതിനായി തയ്യാറാക്കിയ) മധുരപാനിയത്തോടു കൂടി കുടുംബാഗങ്ങൾക്ക് കൊടുക്കുന്നു. അവരത് നിന്നുകൊണ്ട് ഭക്ഷിക്കുന്നു. ഇത് പഴയനിയമത്തിലെ പെസഹാ ആചരണത്തിന്റെ അനുസ്മരണമാണ് (പുറപ്പാട് 12).

പെസഹാത്രിദിനങ്ങളിൽ പുത്തൻപാന വായിക്കുകയോ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി കേൾക്കുകയോ കാണുകയോ ചെയ്യുന്നത് വളരെ നല്ല ആത്മീയ അനുഭവമായിരിക്കും.

**പീഡാനുഭവ(ദുഃഖ)വെള്ളി** വിശുദ്ധകുർബാനയർപ്പണമില്ലാത്ത ദിവസമാണ്. കാലത്ത് 10 മണിക്ക് പീഡാനുഭവശുശ്രൂഷ. നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളുടെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും പുണ്യദിനം പ്രാർത്ഥനയിലും ഉപവാസത്തിലും നാം ആചരിക്കുന്നു. വൈകീട്ട് 5 മണിക്ക് കുരിശിന്റെ വഴി.

**പീഡാനുഭവശനി** കാലത്ത് 10 മണിക്ക് കുർബാനയോടൊപ്പം മാമ്മോദീസ വെള്ളം വെഞ്ചിരിപ്പ്, മാമ്മോദീസ പ്രതിജ്ഞ പുതുക്കൽ. ആദിമസഭയിൽ ഇന്ന് നടത്തിയിരുന്ന പൊതു മാമ്മോദീസയെ ഇതു സൂചിപ്പിക്കുന്നു. ഈ തിരുക്കർമ്മത്തോടൊപ്പം വീടുകളിൽ പങ്കെടുക്കുന്നവർ മാമ്മോദിസ പ്രതിജ്ഞ പുതുക്കുന്നു. വൈകീട്ട് 5 മണിക്ക് കുർബാന.

**ഉയിർപ്പുതിരുന്നാൾ** ദിനം കാലത്ത് 10 മണിക്ക് ഉയിർപ്പുതിരുന്നാൾ ആഘോഷം. ആണ്ടുവട്ടത്തിൽ ക്രൈസ്തവവിശ്വാസിക്ക് ഏറ്റവും പ്രധാന തിരുന്നാൾ മരിച്ചവരിൽ നിന്നുള്ള ഈശോയുടെ ഉത്ഥാനത്തിന്റെ ആഘോഷമാണല്ലൊ. വൈകീട്ട് 5 മണിക്ക് കുർബാനയുണ്ടായിരിക്കും.

പള്ളികൾ തുറന്നു കുർബാനയിൽ നമുക്ക് നേരിട്ട് പങ്കെടുക്കാൻ സാധിക്കുന്നതു വരെ രൂപത ആസ്ഥാനത്തു നിന്ന് മെൽബൺ സമയം കാലത്ത് 10 മണിക്കും വൈകീട്ട് 5 മണിക്കും ഓൺലൈനായി കുർബാന ഉണ്ടായിരിക്കും. ഇടവകകളിലും മിഷനുകളിലും ആവശ്യമെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

സ്നേഹത്തോടെ,

**+ ബോസ്കോ പുത്തൂർ** **2020 ഏപ്രിൽ 02**

സീറോ മലബാർ മെൽബൺ രൂപത മെത്രാനും
ന്യൂസിലാൻഡ് അപ്പസ്തോലിക് വിസിറ്ററും

NB: ഈ സർക്കുലർ എല്ലാ ഇടവകജനങ്ങളെയും എത്രയുംവേഗം അറിയിക്കേണ്ടതാണ്.